File No.D4/39/2020-TC

തീയതി : 08/01/2021

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട് , തൈക്കാട് പി.ഒ
തിരുവനന്തപുരം - 695 014

ഇ-മെയിൽ : tcoffice.mvd@kerala.gov.in | വെബ്: www.mvd.kerala.gov.in | ☎ :0471-2333317

Signed
Check the Bus and report
11/1/2021

പ്രേഷിതൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്,

എല്ലാ എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.

സർ,

വിഷയം : **മോട്ടോർ വാഹന വകുപ്പ്** - ഭിന്നശേഷിക്കാർക്ക് **അർഹതപ്പെട്ട** സംവരണ സീറ്റുകളിൽ യാത്ര ചെയ്യുന്നതിന് അനുവദിക്കാത്തത് സംബന്ധിച്ച് ലഭിച്ച പരാതിയിൽ തുടർനടപടികൾ സ്വീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന :- ബഹുമാനപ്പെട്ട കോർട്ട് ഓഫ് സ്റ്റേറ്റ് കമ്മീഷണർ ഫോർ പേഴ്സൺസ് വിത്ത് ഡിസ്എബിലിറ്റീസ് മുൻപാകെ ശ്രീ .ശശികുമാർ, പ്രണവം ഹൌസ്, എറണാകുളം എന്ന വ്യക്തി സമർപ്പിച്ചിട്ടുള്ള നിവേദനം.

സൂചന പ്രകാരം ലഭിച്ച നിവേദനത്തിൽ ഭിന്നശേഷിക്കാരായ യാത്രക്കാർക്ക് അർഹമായ സംവരണ സീറ്റുകൾ ബസ്സ് ജീവനക്കാർ അനുവദിക്കാത്തതുകൊണ്ട് അവർക്ക് യാത്ര ചെയ്യാൻ കഴിയുന്നില്ലായെന്നും ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടിരിയ്ക്കുകയാണ്.

കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ സാമൂഹ്യ അകലം പാലിച്ച് ബസ് യാത്ര അനുവദിച്ച ശേഷം ബസ്സുകളിലെ സംവരണ സീറ്റുകൾ അർഹരായവർക്ക് ലഭിക്കുന്നില്ലായെന്ന് കാട്ടി നിരവധി പരാതികൾ ലഭിച്ചുവരുന്നുണ്ട്. ആയതിനാൽ എല്ലാ എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും ബസ്സുകളിൽ സംവരണം ചെയ്തിട്ടുള്ള വിഭാഗങ്ങൾക്ക് അവ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും നിയമം ലംഘിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതുമാണെന്ന് അറിയിക്കുന്നു.

Signature Not Verified

വിശ്വ...

Digitally signed by M R AJITHKUMAR
TRANSPORT COMMR
2021.01.08 19:..:52 IST
Reason: Approved